## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1718 | | 31.01.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഹരിത കേരളം മിഷൻ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനം മാലിന്യരഹിതമാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(സാധാ)നം. 2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മിഷൻ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും, സുഗമമായ പ്രവർത്തനത്തിന് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നതിനും, വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും ഏകോപനം ഉറപ്പാക്കുന്നതിനും മേൽനോട്ട നിരീക്ഷണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമുള്ള യോഗങ്ങൾ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്നു വരുന്നുണ്ട്.<br>മിഷൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ആവശ്യമായ അനുമതികളും പിന്തുണയും നൽകുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി എംപവേർഡ് കമ്മിറ്റിയും, മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക, പ്രവർത്തനമാർഗ്ഗരേഖ തയ്യാറാക്കുക, സാങ്കേതിക സഹായം നൽകുക, സർക്കാർ അനുമതി ആവശ്യമുള്ള കാര്യങ്ങളിൽ പ്രൊപ്പോസലുകൾ തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല കർമ്മസേനയും രൂപീകരിച്ച് യഥാവിധി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br>ഹരിത കർമസേയ്ക്ക് സാങ്കേതിക പിന്തുണ നൽകാനുള്ള ഹരിതസഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ ചുമതല നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2016-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഖരമാലിന്യ പരിപാലന ചട്ടം, പ്ലാസ്റ്റിക് മാലിന്യ പരിപാലന |

| | | | |
|---|---|---|---|
| | | | ചട്ടങ്ങളുടെയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ പുറപ്പെടുവിക്കേണ്ട കരട് ബൈലോ തയ്യാറാക്കി സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.<br><br>സംസ്ഥാനം മാലന്യരഹിതമാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്ക് ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>• ഹരിത കർമസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ സർക്കാർ ഉത്തരവുനൽകാൻ നടപടി സ്വീകരിച്ചു.<br>• മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന കാമ്പയിൻ സംഘടിപ്പിക്കുകയും പ്രസ്തുത കാമ്പയിനിന്റെ ഭാഗമായി വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് മാലിന്യത്തിന്റെ അവസ്ഥാ നിർണയപഠനം നടത്തുകയുണ്ടായി.<br>• മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട ഹരിതകർമ്മസേനയുടെ രൂപീകരണം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ നടത്തിവരുന്നു.<br>• ഹരിത കർമ്മസേന രൂപീകരിച്ചയിടങ്ങളിൽ അവർക്കാവശ്യമായ പരിശീലനം സംഘടിപ്പിച്ചുവരുന്നു.<br>• എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റിയും, ക്ലസ്റ്റർ അടിസ്ഥാനത്തിൽ റിസോഴ്സ് റിക്കവറി ഫസിലിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• റിസോഴ്സ് റിക്കവറി സെൻററുകളിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റും<br>ബെയിലിങ് യൂണിറ്റും ക്ലീൻ കേരള കമ്പനിയുടെ സഹായത്തോടെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് | (ബി) | ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ |

| | | | |
|---|---|---|---|
| | പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും, ഏറ്റെടുക്കുന്നതിനും ഹരിതകേരളം മിഷൻ എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ? | | നിർവ്വഹണ മാർഗനിർദ്ദേശങ്ങൾ പ്രകാരം മുൻഗണന നൽകി ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ ഏതെല്ലാമാണെന്നു നിശ്ചയിക്കുകയും അവ ഏറ്റെടുക്കുന്നതിലേക്കുള്ള ധന സ്രോതസ്സുകൾ ഏതെല്ലാമാകാമെന്നും വ്യക്തത വരുത്തുന്നതിനായി സംസ്ഥാനതലത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും ഫീൽഡ്തലങ്ങളിൽ (ബ്ലോക്ക് / നഗരസഭാതലങ്ങൾ) ത്രിതല പഞ്ചായത്ത്, നഗരസഭകളിലെ ജനപ്രതിനിധി, ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺ എന്നിവരെ പങ്കെടുപ്പിച്ച് പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രോജക്ട് ക്ലിനിക്കുകളിൽ പ്രോജക്ട് തയ്യാറാക്കുന്നതിനും ഏറ്റെടുക്കുന്നതിനും വേണ്ട സഹായങ്ങൾ ചെയ്തുവരുന്നു. പ്രോജക്ടുകൾ ലഭ്യമായ വികസനഫണ്ട്, തനത്ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട് എന്നിവ വകയിരുത്തിയാണ് തയ്യാറാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ